


# ചെങ്ങറ നൽകുന്ന പാഠങ്ങൾ

പ്രവീണ കെ.പി.

**കഴിഞ്ഞ** ഒൻപതുമാസത്തിലേറെയായി പത്തനംതിട്ട ജില്ലയിലെ ചെങ്ങറ എസ്റ്റേറ്റിൽ സാധുജന വിമോചന സംയുക്ത വേദിയുടെ (S.V.S.V) നേതൃത്വത്തിൽ ദലിത് ജന വിഭാഗങ്ങൾ നടത്തുന്ന ഭൂസമരം കേരളത്തിന്റെ സാമൂഹ്യ, രാഷ്ട്രീയ അന്തരീക്ഷത്തെ അസ്വസ്ഥപ്പെടുത്തുന്നുണ്ട്. കേവലമായ ഭൂവുടമസ്ഥാവകാശത്തിനുവേണ്ടി നടത്തുന്ന സമരം എന്നതിനേക്കാൾ എന്തുകൊണ്ട് ദലിതർക്ക് ഭൂമിയില്ലാതായതെന്നും, എന്തുകൊണ്ടാണ് ദലിതർ മാത്രം ഭൂമിക്കുവേണ്ടി സമരത്തിൽ ഏർപ്പെടേണ്ടി വരുന്നതെന്നുമുള്ള ചോദ്യങ്ങൾ, കേരളത്തിന്റെ പൊതുമണ്ഡലത്തോട് ചോദിക്കുന്നതിലൂടെയുമാണ് ചെങ്ങറ സമരം കൂടുതൽ പ്രസക്തമാവുന്നത്. സമകാലീന കേരളത്തിൽ, റിയൽ എസ്റ്റേറ്റ് ലോബികളും, ഭൂമാഫിയകളും, പ്ലാന്റേഷൻ കോർപ്പറേഷനും വൻ തോതിൽ ഭൂമി കൈവശം വയ്ക്കുകയും, വിനിമയം ചെയ്യുകയും ചെയ്യുന്ന അതേ അവസരത്തിലാണ്; ദലിത് ജനവിഭാഗങ്ങൾക്ക് ഒരു തുണ്ട് ഭൂമിക്ക് വേണ്ടി ഇത്രയും കാലം നീണ്ട സമരത്തിലേർപെടേണ്ടി വരുന്നത്.

കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്ക്കരണം വഴി ഭൂമിയില്ലാതിരുന്ന മുഴുവനാളുകൾക്കും ഭൂമി ലഭ്യമായെന്ന ധാരണ കേരളത്തിന്റെ പൊതുമനസ്സിൽ ഇപ്പോഴും ശക്തമാണ്. എന്നാൽ 'കൃഷിഭൂമി കർഷകന്' എന്ന മുദ്രാവാക്യത്തോടു കൂടി അരങ്ങേറിയ ഈ പരിഷ്ക്കരണത്തിന്റെ ഗുണഫലങ്ങൾ നേടിയെടുത്തത് നായർ ഈഴവ സമുദായങ്ങളിലെ ഇടത്തട്ടുകാരായ കർഷകരാണെന്നുള്ളതാണ് വസ്തുത. എന്നാൽ ജന്മി-കുടിയാൻ വ്യവസ്ഥയുടെ ഭാഗമായി കർഷകത്തൊഴിലാളികളായിരുന്ന ദലിതർക്ക് കുടികിടപ്പ് അവകാശ നിയമം വഴി അഞ്ച് സെന്റ് ഭൂമി വീതം കിട്ടുകയും ബാക്കിയുള്ളവരെ കൂട്ടത്തോടെ ലക്ഷം വീട് കോളനികളിലേക്ക് അയക്കുകയും ചെയ്തു എന്നതാണ് ചരിത്രം. ചെങ്ങറയിലും ആറളത്തും നടന്നു വരുന്ന ഭൂസമരങ്ങൾ ഈയൊരു ചരിത്ര വസ്തുതയുടെ പ്രത്യാഘാതങ്ങളാണെന്ന് നിസംശയം പറയാം.

### ചെങ്ങറയുടെ തുടക്കം

2006 ജൂൺ 21-ന് സർക്കാർ അധീനതയിലുള്ള കൊടുമൺ പ്ലാന്റേഷനിൽ കയറി, നാലായിരത്തോളം കുടിലുകൾകെട്ടിയാണ് സാധുജന വിമോചന സംയുക്തവേദിയുടെ ഭൂസമരത്തിന്റെ തുടക്കം. എന്നാൽ പ്ലാന്റേഷനിലെ തൊഴിലാളി യൂണിയനുകൾ സമരക്കാർക്കെതിരെ രംഗത്തു വന്നതിനെ തുടർന്ന് കളക്ടറുടെ നേതൃത്വത്തിൽ സർക്കാർ ചർച്ചക്കു തയ്യാറാവുകയും സമരക്കാർക്ക് അനുകൂലമായ ഉറപ്പു കൊടുക്കുകയും ചെയ്തു. ഇതേതുടർന്ന് സംയുക്തവേദി പ്രവർത്തകർ സമരഭൂമിയിൽ നിന്നും പിൻവാങ്ങുകയും സമരം പിൻ വലിക്കുകയും ചെയ്തു. അതേ വർഷം സെപ്തംബറിൽ റവന്യൂ മന്ത്രി കെ. പി. രാജേന്ദ്രനുമായി സമരനേതാക്കൾ ചർച്ച നടത്തുകയും പരമാവധി ഒരു ഏക്കർ മുതൽ ഒരു ഹെക്ടർ വരെ തരാമെന്ന് മന്ത്രി ഉറപ്പുകൊടുക്കുകയും

ചെയ്തിരുന്നു. എന്നാൽ ഈ ഉറപ്പുകളൊന്നും പാലിക്കപ്പെടാത്തതിനെ തുടർന്നാണ് സാധുജന വിമോചന സംയുക്തവേദി പ്രവർത്തകർ ശ്രീ. ളാഹ ഗോപാലന്റെ നേതൃത്വത്തിൽ 2007 ആഗസ്റ്റ് 4-ാം തീയതി ഭൂസരത്തിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ കോന്നി അരുമ്പുകുളത്തുള്ള ചെങ്ങറ എസ്റ്റേറ്റിൽ പ്രവേശിച്ച് കുടിൽ കെട്ടിയത്. സമരം തുടങ്ങി ഏതാനും ദിവസം പിന്നിട്ടപ്പോൾ തന്നെ പത്തനംതിട്ട ജില്ലയിലും അനുബന്ധ പ്രദേശങ്ങളിൽ നിന്നുമായി ആയിരകണക്കിന് ഭൂരഹിതരായ ആളുകളാണ് ഇവിടെ എത്തി ചേർന്നത്. ഇപ്പോൽ അയ്യായിരത്തിലധികം കുടുംബങ്ങളിലായി ഇരുപത്തയ്യായിരത്തിലധികം ആളുകൾ ഉണ്ടെന്നാണ് ഏകദേശകണക്ക്.

പ്ലാസ്റ്റിക് മേഞ്ഞ ചെറിയ കുടിലുകളിലാണ് സമരക്കാർ താമസിക്കുന്നത്. സമരം തുടങ്ങിയ അവസരത്തിൽ ശക്തമായ പോലീസ് സന്നാഹം ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഇടക്കാലത്ത് ഇത് പിൻവലിച്ചതിനെത്തുടർന്ന് ആളുകൾക്ക് രണ്ടുദിവസമെങ്കിലും പുറത്തുപോയി പണിയെടുക്കാൻ കഴിഞ്ഞിരുന്നു. എന്നാൽ ചെങ്ങറ സമരം കേരളത്തിൽ മാത്രമല്ല, ഇൻഡ്യയിലാകമാനം അറിയപ്പെടുകയും വൻതോതിൽ മാധ്യമശ്രദ്ധ നേടിയെടുക്കുകയും, പരിസ്ഥിതി പ്രവർത്തക മേധാ പട്കർ, അരുന്ധതി റോയ്, മനുഷ്യാവകാശ പ്രവർത്തക റോമ, വിവിധ ദലിത് സംഘടനാ നേതാക്കൾ, സാമൂഹിക പ്രവർത്തകർ തുടങ്ങിയവർ ചെങ്ങറ സന്ദർശിക്കുകയും സമരത്തിന് പിന്തുണ പ്രഖ്യാപിച്ചതും മറ്റൊരു വഴിത്തിരിവായി. ഇത്തരത്തിൽ ചെങ്ങറ സമരം വൻതോതിൽ ശ്രദ്ധ നേടിയെടുക്കുന്നത് തടയുന്നതിന് നിരവധി ഉപരോധങ്ങളാണ് സർക്കാർ ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. (സമരം ചെയ്യുന്ന ഈ സാധുജനങ്ങൾ അമേരിക്കയുടെ ചാരൻമാർ ആണെന്നുള്ള പ്രസ്ഥാവന ഇവിടെ ഓർക്കേണ്ടതുണ്ട്.)

ഇതുമൂലം സമരക്കാരുടെ മുഴുവൻ വരുമാനമാർഗ്ഗങ്ങളും അടഞ്ഞിരിക്കുകയാണ്. പുറത്തു തൊഴിലിനുവേണ്ടി പോകാൻ കഴിയുന്നില്ല. സമരക്കാരിൽ പലർക്കും ചെങ്ങറയുടെ പരിസരപ്രദേശങ്ങൾ അപരിചിതമായതിനാൽ പുറത്തു പോയാൽതന്നെ ജോലി കിട്ടുന്ന കാര്യം സംശയമാണ്.

**കുടിവെള്ളം, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സ്വകാര്യ ഇടങ്ങളുടെ അഭാവം തുടങ്ങിയവയാണ് സമരക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. കുടിവെള്ളത്തിനായി സമരസ്ഥലത്തിന് സമീപമുള്ള ഒരു തോടിനെയാണ് ഇവർ ആശ്രയിക്കുന്നത്. എന്നാൽ സ്വകാര്യ ഇടങ്ങളുടെ അഭാവം സ്ത്രീകളെ സംബന്ധിച്ചിടത്തോളം നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.**

ചെങ്ങറയ്ക്ക് അനുകൂലമായ സമരങ്ങളും, പ്രഖ്യാപന പരിപാടികളും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുകയും മാധ്യമശ്രദ്ധ നേടുകയും ചെയ്യുന്ന സാഹചര്യത്തിലും സമരക്കാർക്കെതിരെ ദുഷ്പ്രചരണങ്ങളാണ് വളരെ പ്രാദേശിക തലത്തിൽ നടക്കുന്നത്. ഏതൊരു ദലിത് സമരത്തെയും അടിച്ചമർത്താൻ ഉപയോഗിക്കുന്ന കുപ്രചരണങ്ങൾ ഇവിടെയും പ്രചരിക്കുന്നുണ്ട്. സമരം ചെയ്യുന്ന സ്ത്രീകൾ ഇവരിൽ ഭൂരിഭാഗവും ദലിത് സ്ത്രീകൾ ആയതിനാൽ ഇവരുടെ സാൻമാർഗികതയെപ്പറ്റിയുള്ള ചോദ്യങ്ങൾ ചോദിച്ചും പ്രചരിപ്പിച്ചും സമരത്തെ നിർവ്വീര്യമാക്കാനുള്ള ശ്രമങ്ങൾ വ്യാപകമാണ്. മുള്ളും കൊമ്പുമുള്ള പോലീസിനെ ഉപയോഗിച്ച് സമരക്കാരെ നേരിടും എന്നുള്ള മുഖ്യമന്ത്രിയുടെ പ്രസ്ഥാവന ഭീഷണിപ്പെടുത്തിയാണെങ്കിലും സമരക്കാരെത്തന്നെ ഇല്ലാതാക്കാനുള്ള സൂചനയാണ് നൽകുന്നത്.

കുടിവെള്ളം, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സ്വകാര്യ ഇടങ്ങളുടെ അഭാവം തുടങ്ങിയവയാണ് സമരക്കാർ നേരിടുന്ന മറ്റ് പ്രധാന പ്രശ്നങ്ങൾ. കുടിവെള്ളത്തിനായി സമരസ്ഥലത്തിന് സമീപമുള്ള ഒരു തോടിനെയാണ് ഇവർ ആശ്രയിക്കുന്നത്. എന്നാൽ സ്വകാര്യ ഇടങ്ങളുടെ അഭാവം സ്ത്രീകളെ സംബന്ധിച്ചിടത്തോളം നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കേരളാമോഡൽ വികസനം വ്യാപകമായി ചർച്ചചെയ്യുന്ന ഈ അവസരത്തിലാണ് ഒരു കൂട്ടം മനുഷ്യർ തങ്ങളുടെ ദൈനംദിന ആവശ്യങ്ങൾ നിവേറ്റുന്നതിന് കഷ്ടപ്പെടുന്നത്. കാലം മാറി പെയ്ത മഴയിൽ നിരവധി പേർക്ക് അസുഖങ്ങൾ പിടിപെട്ടു. പല പ്രവർത്തകരും ചിക്കൻ ഗുനിയ ബാധിതരായി. വേണ്ടത്ര ആരോഗ്യസംവിധാനങ്ങൾ ഇല്ലാത്തതിനാൽ പകർച്ചവ്യാധി പിടിപെടുന്നതിനും അതുമൂലം മരണം സംഭവിക്കാനും സാദ്ധ്യത ഏറെയാണ്. സമരം ചെയ്യുന്ന കുടുംബങ്ങളിലെ കുട്ടികളുടെ പഠനം പൂർണമായി മുടങ്ങിയിരിക്കുന്നു. സമരഭൂമിയിലെ എല്ലാ കുട്ടികൾക്കും 2007-2008 അദ്ധ്യയനവർഷം പൂർണമായി നഷ്ടമായി. സമരത്തെപ്പറ്റിയുള്ള പൊതുചർച്ചകളിൽ ഈ വക കാര്യങ്ങൾ വിഷയമാകാറില്ല എന്നത് ദുഃഖകരമാണ്; എന്നാൽ മുകളിൽ സൂചിപ്പിച്ച ഇക്കാര്യങ്ങൾ സമരക്കാരെ തളർത്തുന്നില്ല എന്നു മാത്രമല്ല ഓരോ ദിവസവും സമരം കൂടുതൽ ശക്തമാവുകയാണ് ചെയ്യുന്നത്.

എന്തായാലും കേരളത്തിൽ മുമ്പെങ്ങുമില്ലാത്തവിധം ഭൂസമരങ്ങൾക്ക് സവർണ്ണ സമുദായങ്ങളുടെ പിന്തുണ ലഭ്യമാവുന്നത് ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. കാരണം കേരളത്തിലെ ദലിത് ചരിത്രം സമര ചരിത്രമാണ്. ദലിതരും സ്ത്രീകളും അവരുടെ ആവശ്യങ്ങൾ സമരം ചെയ്തു തന്നെ നേടിയെടുക്കണം എന്നുള്ളത് ഒരു അലിഖിത നിയമം പോലെ പൊതുസമൂഹത്തിൽ ഇപ്പോഴും നിലനിൽക്കുന്നു. എന്നാൽ ഇവയിൽ നിന്നും വ്യത്യസ്ഥമായി ദലിതുകൾതന്നെ ഭൂമി കൈകാര്യം ചെയ്യാൻ കഴിയുന്ന വിധത്തിലുള്ള അധികാര രാഷ്ട്രീയത്തിലേക്ക് എത്തിചേരുന്നതിനെ ക്കുറിച്ചുള്ള ചർച്ചകളോട് വിമുഖതകാണിക്കുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ നിരന്തരസമരം എന്ന ഇടതുപക്ഷ പാരമ്പര്യത്തിൽനിന്നും ദലിതുകൾ മാറി ചിന്തിക്കാൻ ബാധ്യസ്ഥരാണെന്നുള്ള പാഠമാണ് ചെങ്ങറ നൽകുന്നത്.

*സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ്, എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം*